**കേരള സർക്കാർ വിവര പൊതുജന സമ്പർക്ക വകുപ്പ്**

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 ഡിസംബർ 08, ശനി

# പത്രക്കുറിപ്പ്

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## ജലജീവനം അതിജീവനത്തിന്

## ഹരിതകേരളം മിഷൻ വാർഷികാചരണത്തിന് തുടക്കമായി

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികാഘോഷത്തിന് ചിത്താരിപ്പുഴയുടെ സംരക്ഷണ പ്രവർത്തനങ്ങളോടുകൂടി തുടക്കമായി.ഇതിന്റെ ഭാഗമായി ജലജീവനം അതിജീവനത്തിന് എന്ന പേരിൽ ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഡിസംബർ 8 മുതൽ 15 വരെയുള്ള കാലയളവിൽ ഒന്നു വീതം ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കും. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് ചിത്താരിപ്പുഴ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ചിത്താരി അള്ളൻകോട് പാലത്തിന് സമീപം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം ഗൗരി നിർവഹിച്ചു. അജാനൂർ ഗ്രാമപഞ്ചയാത്ത് പ്രസിഡന്റ് പി ദാമോദരൻ അധ്യക്ഷനായി. പുഴയുടെ സമീപത്ത് അടിഞ്ഞുകൂടിയ ജൈവമാലിന്യങ്ങളു,പ്ലാസ്റ്റിക് മാലിന്യങ്ങളും ജനപ്രതിനിധികളുടെയും,വിവിധ ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുടെ നേതൃത്വത്തിൽ നീക്കം ചെയ്തു. പ്രവർത്തന ങ്ങളുടെ തുടർച്ചയായി ജില്ലയിലെ പരിസ്ഥിതി പ്രവർത്തകരുടെയും ജനപ്രതിനിധികളുടയും നേതൃത്വത്തിൽ ചിത്താരി പുഴയുടെ

വിവിധ പ്രദേശങ്ങളിൽ ജനകീയ കൂട്ടായ്മകളുണ്ടാക്കി ശുചീകരണ- നവീകരണ പ്രവർത്തനങ്ങളും, പുഴയോരത്ത് സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്ന പ്രവർത്തനങ്ങളും നടപ്പിലാക്കും.  പരിപാടയിൽ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാരദ എസ് നായർ, കുന്നത്ത് കരുണാകരൻ, ബി ബാലകൃഷ്ണൻ, എൻ കുഞ്ഞമ്പു, വി കുഞ്ഞിരാമൻ,കെ ഓമന, തുടങ്ങിയവർ സംസാരിച്ചു. ഹരിതകേരളം ജില്ലാമിഷൻ കോർഡിനേറ്റർ എം പി സുബ്രമണ്യൻ സ്വാഗതവും സുരേഷ് കസ്തൂരി നന്ദിയും പറഞ്ഞു.

ഫോട്ടോ അടിക്കുറിപ്പ്- ഹരിതകേരളം മിഷൻ രണ്ടാംവാർഷികത്തിന്റെ ഭാഗമായി ചിത്താരിപ്പുഴയോരം ശുചീകരിക്കുന്നു